യിട്ടുണ്ട്. കൂടാതെ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത യുള്ള ഒന്നാം ഗ്രേഡ് ലൈബ്രേറിയൻ തസ്തികയും യു.ജി.സി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)-(ഇ) ഇക്കാര്യങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചു വരികയാണ്.

35 (3199) ഐ.ടി. മേഖലയെക്കുറിച്ച് ബോധവൽക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഇന്റർനെറ്റിനെപ്പറ്റിയും വിവര സാങ്കേതികവിദ്യയുടെ ഉപയുക്തതകളെപ്പറ്റിയും സാമാന്യജ്ഞാനമുള്ളവരാക്കുവാൻ ഉതകുന്ന ഒരു ഹ്രസ്വകാല ബോധവൽക്കരണ പദ്ധതി ആവിഷ്കരിക്കാമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം ഒരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഈ സാങ്കേതികവിദ്യയെ സംബന്ധിച്ച വിവരങ്ങൾ നിലവിലുള്ള കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ് മുതലായ കോഴ്സുകളിൽ ഉൾപ്പെട്ടവയാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

36 (3200) മെക്കാനിക്കൽ (ഓട്ടോമൊബൈൽ) കോഴ്സിന്റെ അംഗീകാരം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടക്കുന്ന (മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഓട്ടോമൊബൈൽ) എന്ന നവീന കോഴ്സ് കേരളത്തിൽ മറ്റ് ഒരു എഞ്ചിനീയറിംഗ് കോളേജുകളിലും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോഴ്സിന്റെ മെക്കാനിക്കൽ കണ്ടന്റ് ആകെ സിലബസിന്റെ എത്ര ശതമാനം വരും എന്നറിയിക്കുമോ;

(സി) ഈ കോഴ്സിൽ ഓട്ടോമൊബൈൽ സ്പെഷ്യലൈസേഷൻ നടക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കുമോ;

(ഇ) ഈ കോഴ്സ് ഇന്ത്യയിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ നിലവിലുണ്ട് എന്നറിയുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സിന് കേരളത്തിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും യൂണിവേഴ്സിറ്റികളുടെ അംഗീകാരം വാങ്ങാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly